**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332** **08-12-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **31.5 കിലോമീറ്ററിലൂടെയാണ് കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ കടന്നു പോകുന്നത്.** |
| (ബി) | മലയോര ഹൈവേ പ്രസ്തുത മണ്ഡലത്തിൽ എവിടെ നിന്നും ആരംഭിച്ച് എവിടെ അവസാനിക്കുന്നുവെന്ന് അറിയിക്കുമോ; | (ബി) | **കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയ്ക്കായി 3 റീച്ചുകളിലായിട്ടാണ് DPR തയ്യാറാക്കിയിട്ടുള്ളത്.**<br><br>**റീച്ച്-1 ചെറങ്ങനാൽ മുതൽ കാഞ്ഞിരകുന്ന് വരെ 13.4 കി.മീ.**<br><br>**റീച്ച്-2 കാഞ്ഞിരകുന്ന് മുതൽ നാട്ടുകാണി വരെ 2.07 കി.മീ.**<br><br>**റീച്ച്-3 നാട്ടുകാണി മുതൽ നേരിയമംഗലം വരെ 16.03 കി.മീ.**<br><br>**ആകെ- 31.5 കി.മീ.** |
| (സി) | കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണത്തിൽ 12 മീറ്റർ വീതി ലഭിക്കാത്തത് മൂലം മുന്നോട്ട്കൊണ്ടുപോകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | **ഫ്രീ സറണ്ടർ ആയി ഭൂമി ലഭ്യമാകാത്തതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ ബഹു.എം.എൽ-യുടെ അദ്ധ്യക്ഷതയിൽ പല തവണ മീറ്റിംഗ് നടത്തിയെങ്കിലും ഫ്രീ സറണ്ടർ ആയി സ്ഥലം നൽകുവാൻ ആളുകൾ തയ്യാറല്ലാത്ത സാഹചര്യം നിലനിൽക്കുന്നു.** |
| (ഡി) | 12 മീറ്റർ വീതി ലഭിക്കാത്ത സാഹചര്യത്തിൽ റോഡ് നിലവിലുള്ള വീതിയിൽ തന്നെ റീ-ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കിഫ്ബിയുടെ 'Guildlines for Planning and Design for Roads and Highway Projects Funded by KIIFB' അനുസരിച്ചുള്ള 12 മീറ്റർ ROW-യിൽ 7 മീറ്റർ വീതിയിൽ രണ്ട് വരിപ്പാതയും, ഇരുവശത്തും 1 മീറ്റർ വീതിയിൽ Paved Shoulder, ശേഷിക്കുന്ന മീറ്ററിൽ 1.5 മീറ്റർ വീതിയിൽ ഇരുവശത്തും കാനകളും പാർശ്വഭിത്തി സംരക്ഷണവും ഉൾപ്പെടുത്തിയാണ് ഡിസൈൻ പൂർത്തീകരിച്ചിരിക്കുന്നത്. മലയോര ഹൈവേയിൽ ഉൾപ്പെട്ട റോഡ് നിലവിലുള്ള |

| | | | |
|---|---|---|---|
| | | | വീതിയിൽ തന്നെ റീ-ടാർ ചെയ്യുന്നതിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ